# ഒറീസ്സയിൽ ചുഴലിക്കാറ്റ് സഹായങ്ങൾ ദുരിതബാധിതർക്ക് എത്തുന്നില്ല

**രൺജിത് ടി.**

ഒറീസ്സയുടെ തീരപ്രദേശങ്ങളെ സംരക്ഷിച്ചിരുന്ന സ്വാഭാവിക കണ്ടൽ വനങ്ങൾ കൊഞ്ചുമാഫിയയുടെ സ്വാധീനംമൂലം വെട്ടിമാറ്റിയതാണ് വൻ ദുരന്തത്തിനു കാരണമായത്. കേരളത്തിൽ ഒറീസ്സാ ദുരിതാശ്വാസ വൊളൻറിയർ സംഘത്തിൻെറ ഇൻ-ചാർജ്ജായിരുന്ന ബി.കെ രാജഗോപാൽ പറയുന്നു.

ഒറീസ്സയുടെ കടൽത്തീരത്ത് എറസമാ ബ്ലോക്കുമുതൽ ചിൽകാ തടാകം വരെ 250 കി.മീറ്ററോളം ഉണ്ടായിരുന്ന സ്വാഭാവിക കണ്ടൽ വനങ്ങളും (ജഡധാരി തൗണ്ട എന്നറിയപ്പെടുന്നു) കാലാകാലങ്ങളിൽ ഭരിച്ചവരുടെ ഒത്താശയോടെ നശിപ്പിക്കപ്പെട്ടു. തന്മൂലം 30 മീറ്ററോളം ഉയർന്ന തിരമാലകൾക്ക് ഗ്രാമങ്ങളിലേക്ക് എളുപ്പം ഇരച്ചു കയറാനും നാടാകെ തകർത്തു തരിപ്പണമാക്കാനും സാധിച്ചു. 35-40 കി.മീറ്റർ ഉള്ളിലേക്ക് കടൽ ഇരച്ചു കയറിയപ്പോൾ, ഇന്ത്യയിലെ മത്സ്യബന്ധന മേഖലയുടെ കണ്ണായ, രാംധാര മുതൽ പാരദീപുവരെയുള്ള 30 കി.മീറ്ററോളം ദൂരം കടൽത്തീരത്തുണ്ടായിരുന്ന അരലക്ഷത്തിലധികം വരുന്ന മത്സ്യത്തൊഴിലാളികളും കന്നുകാലികളും നിശ്ശേഷം തുടച്ചു മാറ്റപ്പെട്ടു.

ഒറീസ്സയിലെ വിദ്യാഭ്യാസപരമായി ഏറെ മുന്നിട്ടു നിന്നിരുന്ന ഭാഗങ്ങളാണ് സൂപ്പർ സൈക്ലോണിൽ നശിച്ചത്. ഇത് ഒറീസ്സയെ 25-30 വർഷത്തോളം പിന്നോട്ടടിച്ചു കളഞ്ഞു. കടൽവെള്ളംകയറി ഭൂമി കൃഷിക്കുപയുക്തമല്ലാതായിത്തീർന്നു. സൗജന്യമായി വളം, വിത്ത് എന്നിവ നൽകുകയും മണ്ണിനുണ്ടായ മാറ്റം കണ്ടെത്തി പുനരുജ്ജീവിപ്പിക്കുകയും ചെയ്താലേ ഒറീസ്സയെ വീണ്ടെടുക്കാനാവൂ. അതിന് ഒറീസ്സാ ദുരിതത്തെ ദേശീയ ദുരന്തമായി പ്രഖ്യാപിച്ച് സർക്കാർ സംവിധാനങ്ങൾ വേണ്ടത്ര ഉപയോഗപ്പെടുത്തി പുനരുജ്ജീവന പ്രവർത്തനങ്ങൾ ചെയ്യേണ്ടതുണ്ട്. നവ. 25നു തന്നെ ദുരിതാശ്വാസ പ്രവർത്തനം ഔദ്യോഗികമായി അവസാനിപ്പിച്ച് തിരഞ്ഞെടുപ്പു ലാക്കാക്കി കരു നീക്കുന്ന സർക്കാർ അതിനു തയ്യാറാകുമോ എന്ന ചോദ്യം അവശേഷിക്കുന്നുവെന്ന് രാജഗോപാൽ ആശങ്കപ്പെടുന്നു.

ഒക്ടോ. 28നു വീശിയടിച്ച സൂപ്പർ സൈക്ലോൺ ശരിയായി പ്രവചിക്കുന്നതിൽ സർക്കാർ സംവിധാനം പരാജയപ്പെട്ടു. പത്തു ദിവസം മുമ്പ് (ഒക്ടോബർ 18ന്) വീശിയ ചുഴലിക്കാറ്റിൽത്തന്നെ 500 പേർ മരണമടഞ്ഞിരുന്നു. സൂപ്പർ സൈക്ലോണിനു സാധ്യതയുണ്ടെന്ന സൂചന ലഭിച്ചെങ്കിലും ഒക്ടോ. 27നു മാത്രമാണ് ക്യാബിനറ്റ് കൂടി കരുതൽ നടപടികൾ എടുക്കാൻ തീരുമാനിച്ചത്. കൈവശരേഖകൾ പോലുമില്ലാത്ത ജനങ്ങൾ ഒറ്റപ്പെട്ട ഇടങ്ങളിൽ നിന്നും സുരക്ഷിതസ്ഥാനങ്ങൾ തേടിപ്പോകുന്നതിൽ വിമുഖരായിരുന്നു. കൃഷിയും പുരയിടവും ഉപേക്ഷിച്ചു പോകുന്നവരെ പുനരധിവസിപ്പിക്കാനായി സർക്കാർ ഒന്നും ഒരുക്കിയിരുന്നില്ല.

350 കി.മീറ്ററോളം വേഗതയിൽ ആഞ്ഞടിച്ച സൂപ്പർ സൈക്ലോൺ 10 ജില്ലകളെ പൂർണ്ണമായും 2 ജില്ലകളെ ഭാഗികമായും തകർത്തു കളഞ്ഞു. മരണസംഖ്യ ഒൻപതിനായിരത്തിൽപ്പരമെന്ന് സർക്കാർ പറയുമ്പോൾ യഥാർത്ഥ കണക്ക് ലക്ഷത്തിൽ കവിയുമെന്നാണ് ദുരന്തത്തിനുശേഷം ഒരുമാസം പിന്നിട്ടിട്ടും ശവപ്പറമ്പായി കിടക്കുന്ന ഒറീസ്സ സന്ദർശിച്ച സംഘം കണ്ടറിഞ്ഞത്. എറസമാ ബ്ലോക്കിലും പാരദീപിലുമാണ് ഏറെ ദുരന്തമുണ്ടായിട്ടുള്ളത്. കാറ്റിൽ മനുഷ്യർ പറന്നു പോയി. കടൽത്തീരത്തുണ്ടായിരുന്ന ഒരു മൽസ്യബന്ധന ബോട്ടിൻെറ അവശിഷ്ടം 20 കി.മീറ്റർ ഉള്ളിലോട്ടു മാറിയാണു കിടന്നിരുന്നത്.

മൂന്നു ദിവസത്തോളം മൂത്രം മാത്രം കുടിച്ചു ജീവിക്കാൻ വിധിക്കപ്പെട്ടവരുടെ കഥകൾ കരളലിയിപ്പിക്കുന്നതാണ്.' കിട്ടുന്ന ഭക്ഷണം വെറും നിലത്തുകോരിയിട്ടു വാരിത്തിന്നു വിശപ്പടക്കിയ ആ ഹതഭാഗ്യരെ സഹായിക്കാൻ കാർഗിൽ മലനിരകളിൽ വീരേതിഹാസം രചിച്ച പട്ടാളമോ സർക്കാർ സംവിധാനമോ ഉണ്ടായില്ല. ഇടയ്ക്ക് ആകാശത്തുനിന്നും വർഷിച്ച പൊതികളിലെ ഭക്ഷണം കഴിച്ചവർക്ക് വയറിളക്കം പിടിച്ചു. പകർച്ചവ്യാധികൾ സാധാരണമായി. അഞ്ചോ ആറോ രൂപക്ക് പകർച്ചവ്യാധികൾ തടയാമെന്നിരിക്കെ ദുരന്തത്തെ അതിജീവിച്ചവർ പലരും രോഗം ബാധിച്ച് മരണമടഞ്ഞു.

പുറംലോകത്തുനിന്നും ഒറ്റപ്പെട്ടുപോയവരെ സഹായിക്കാൻ ഗവൺമെൻറിതര സംഘടനകൾ മാത്രമേ ഉണ്ടായുള്ളൂ. കേരളത്തിൽനിന്നും മെഡിക്കൽ സർവ്വീസ് സെൻറർ, ജനകീയ പ്രതിരോധ സമിതി, എ.ഐ.ഡി.എസ്.ഒ., എസ്.യു.സി.ഐ. എ.ഐ.എം.എസ്.എസ് എന്നീ സംഘടനകളെ പ്രതിനിധീകരിച്ച് മൂന്നു ടീമുകളാണ് ഒരു മാസത്തോളം നീണ്ട ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഒറീസ്സയിൽ പോയത്. വസ്ത്രങ്ങൾ, മരുന്ന്, കുഞ്ഞുങ്ങൾക്കുള്ള ആഹാര സാധനങ്ങൾ എന്നിവ ഉൾപ്പെടെ 15 ടൺ ദുരിതാശ്വാസ വസ്തുക്കളും ജനങ്ങളിൽ നിന്നു സ്വരൂപിച്ച ഒരുലക്ഷം രൂപയും അവർ ദുരന്തബാധിത പ്രദേങ്ങളിൽ നേരിട്ടു വിതരണം ചെയ്തു.

മെഡിക്കൽടീം, കോളറ തടയുന്നതുപോലുള്ള പ്രവർത്തനങ്ങളിൽ മുഴുകിയപ്പോൾ, ക്യാമ്പുകളിലൂടെ പാകം ചെയ്ത ഭക്ഷണവും, വസ്ത്രങ്ങളും വിതരണംചെയ്തു. വഴികൾ, കുളങ്ങൾ മുതലായവയുടെ പുനർനിർമ്മാണം, ജഡങ്ങൾ മറവു ചെയ്യൽ തുടങ്ങിയവയായിരുന്നു മറ്റു പ്രവർത്തനങ്ങൾ. ജനങ്ങൾക്ക് ആശ്വാസമായി സ്ഥിരമായി ക്യാമ്പുകൾ തുറന്നു പ്രവർത്തിച്ചിരുന്നു. "ഞങ്ങളോ നശിച്ചു. നിങ്ങളെങ്കിലും രക്ഷപ്പെട്ടു പോകൂ" എന്നു പറഞ്ഞവർ പിന്നീട് "പോകരുതേ" എന്ന് അഭ്യർത്ഥിച്ചു. കേരളത്തിൽ നിന്നുള്ള നാലാമതു ടീം ഡിസംബർ 20ന് എറണാംകുളത്തുനിന്നും ഒന്നര ലക്ഷത്തോളം വരുന്ന വസ്ത്രങ്ങളും മരുന്നുകളുമായി ഒറീസ്സയിലേക്ക് പോയിരിക്കയാണ്. മറുവശത്ത് സർക്കാർ സംവിധാനംവഴി അയച്ച വസ്ത്രങ്ങളും മരുന്നുകളും ഭുവനേശ്വർ റെയിൽവേസ്റ്റേഷനിലും മറ്റും കെട്ടിക്കിടന്നു നശിക്കുന്നു.


"ആഹാരത്തേക്കാളേറെ മരുന്നാണ് ഇന്ന് ഒറീസ്സക്കാവശ്യം. ശവശരീരങ്ങൾ ചിതറിക്കിടക്കുന്ന അവസ്ഥയിൽ കോളറപോലുള്ള പകർച്ചവ്യാധികൾ പിടികൂടാനുള്ള സാധ്യതയേറെയാണ്." - രാജഗോപാൽ സൂചിപ്പിച്ചു.

രാജ്യത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഡോക്ടർമാരുൾപ്പെട്ട മെഡി. സർവ്വീസ് സെൻറർ ട്രക്കുകളും വള്ളങ്ങളും ഉപയോഗിച്ച് സഞ്ചരിക്കുന്ന ആശുപത്രികൾ നടത്തുന്നുണ്ട്. എറസമായിലെ പദംപൂരിലുള്ള ക്യാമ്പ് 250-300 പേരെ നിത്യേന ചികിൽസിക്കുന്ന ഒരു ഫീൽഡ് ആശുപത്രിയായി മാറിക്കഴിഞ്ഞു. ഇത്തരം ബദൽ സംവിധാനങ്ങൾ ഇല്ലായിരുന്നെങ്കിൽ അവശേഷിച്ചവർപോലും രോഗം ബാധിച്ച് മരിക്കുമായിരുന്നു.

പകർച്ച വ്യാധികളുടേയും കാലാവസ്ഥയുടേയും ഭീഷണികളെ നേരിട്ട് ദുരിതാശ്വാസ പ്രവർത്തനം നടത്തുമ്പോൾത്തന്നെ മറുവശത്ത് സർക്കാർ ഒത്താശയോടെ ദുരിതാശ്വാസ വസ്തുക്കൾ മറിച്ചു വിൽക്കുന്ന കാഴ്ചയാണ്കണ്ടതെന്ന് രാജഗോപാൽ വേദനയോടെ പറഞ്ഞു. ധരിക്കാൻ വസ്ത്രമില്ലാത്തതിനാൽ ക്യാമ്പുകളിൽ ഭക്ഷണം കഴിക്കാൻപോലുമെത്താതിരുന്ന സ്ത്രീകൾ മരത്തിൻെറ മറവിൽ ഒളിച്ചു കഴിയുമ്പോൾ, രാജ്യത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നും വന്നെത്തിയ വസ്ത്രങ്ങളും മരുന്നുകളും മുംബൈയിലെയും ദില്ലിയിലെയും കരിഞ്ചന്തകളിൽ സർക്കാർ സംവിധാനമുപയോഗിച്ചുതന്നെ വിറ്റഴിക്കപ്പെട്ടു.

ദുരിതാശ്വാസ പ്രവർത്തനം ഔദ്യോഗികമായി അവസാനിപ്പിച്ചതായുള്ള ഉത്തരവിനുശേഷം കലിംഗാ സ്റ്റേഡിയത്തിൽ ദുരിതാശ്വാസ വസ്തുക്കൾ കൊണ്ടുപോകാനായി ലോറികൾകാത്തു കിടന്നിരുന്നു.

നിഷ്ക്രിയമായ സർക്കാരും, ടാർപോളിൻ ഷീറ്റുപോലുള്ള ജനോപകാപ്രദമായ വസ്തുക്കൾപോലും മറിച്ചു വിൽക്കുന്ന റിലീഫ് കമ്മീഷണർ ഉൾപ്പെടെയുള്ളവരുമാണ് ഒറീസ്സയുടെ ശാപം. ഈ അഗവഗണനക്കെതിരെ ജനങ്ങൾ രംഗത്തിറങ്ങിക്കഴിഞ്ഞു.



ഫോട്ടോ: എൻ. ഉബൈദ്